പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3570 — 25.06.2013 ൽ മറുപടിക്ക്

# കേടുവന്ന മീറ്ററുകൾ മാറ്റി വെയ്ക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എളമരം കരീം<br>ശ്രീ. ബി.സത്യൻ<br>ശ്രീ.എ. പ്രദീപ്കുമാർ<br>ശ്രീ.സി. കൃഷ്ണൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി കണക്ഷനുകൾ നൽകുന്നതിന് മീറ്ററുകൾ ലഭ്യമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) കേടുവന്ന മീറ്ററുകൾ മാറ്റിവയ്ക്കുന്നതിന് ആവശ്യമായ മീറ്ററുകൾ ലഭ്യമാകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ)യും (ബി)യും<br>ഉണ്ട്. |
| (സി) ഇക്കാര്യങ്ങൾ പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) 1). 50,000 ത്രീ ഫേസ് മീറ്ററുകൾക്കുള്ള ഓർഡർ നൽകുകയും, ഇതു പ്രകാരം 15/03/2013 ൽ 18,700 മീറ്ററുകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 31,300 മീറ്ററുകൾ ജൂൺ 30-ന് മുൻപായി ലഭ്യമാക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. ഇതിൽ 20,686 മീറ്ററുകൾ റ്റി.എം.ആറുകളിൽ എത്തിക്കഴിഞ്ഞു.<br><br>2). 12 ലക്ഷം സിംഗിൾ ഫേസ് മീറ്ററുകൾക്ക് (എൽ.സി.ഡി, റ്റി.ഒ.ഡി സംവിധാനം ഉള്ളത്) ദർഘാസ് ക്ഷണിക്കുകയും 24/04/2013-ൽ 12 |

(. . . . . 2)

ലക്ഷം മീറ്ററുകൾക്കുള്ള ഓർഡർ നൽകുകയും ഉണ്ടായി. ഈ ഓർഡർ പ്രകാരം 17/06/2013- വരെ 1,10,000 മീറ്ററുകൾ ലഭ്യമായിട്ടുണ്ട്. ഇതിൽ 60,000 മീറ്ററുകൾ ബോർഡിന്റെ റ്റി.എം. ആർ. ഡിവിഷനുകളിൽ ടെസ്റ്റ് ചെയ്ത് സീലിങ്ങും നടത്തി സെക്ഷനുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. 50,000 എണ്ണത്തിന്റെ ടെസ്റ്റിംഗും, സീലിങ്ങും റ്റി.എം.ആറുകളിൽ യുദ്ധകാലാടിസ്ഥാനത്തിൽ നടന്നു വരുന്നു. ശേഷിക്കുന്നത് പ്രതിമാസം 2 ലക്ഷം എന്ന തോതിൽ നവംബർ 2013 നകം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

3).31/05/2013-ൽ 5000 എൽ.റ്റി, സി.റ്റി മീറ്ററുകൾക്കുള്ള ഓർഡർ നൽകിയിട്ടുണ്ട്. പ്രസ്തുത മീറ്ററുകൾ 31/07/2013-ന് മുൻപായി ലഭ്യമാക്കാനുള്ള നിർദ്ദേശമാണ് മീറ്ററിന് ഓർഡർ നൽകിയ കമ്പനിയ്ക്ക് നൽകിയിരിക്കുന്നത്.

| | | |
|---|---|---|
| (ഡി) | കേടായ മീറ്ററുകൾ അടിയന്തിരമായി(ഡി) മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ